പാലക്കാട് ജില്ലയിലെ ജലചൂഷണം

43 [200] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ജലചൂഷണം സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഡാമുകൾ ഏതെല്ലാം; അവയിൽ ഓരോന്നിലും എത്ര ജലം ശേഖരിക്കുന്നതിനുള്ള ശേഷി ഉണ്ടെന്നും ഇപ്പോൾ എത്ര അടി ശേഖരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം തമിഴ്നാട് നൽകുന്നുണ്ടോ; 1975 മുതൽ തമിഴ്നാട് സംസ്ഥാനത്തിന് നൽകേണ്ട ജലം എത്രയെന്നും എത്ര നൽകുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) തമിഴ്നാട്, പാലക്കാട്ട് ജില്ലയിലും മറ്റു ജില്ലകളിലുമായി എവിടെയെല്ലാം ഏതെല്ലാം വിധത്തിൽ ജലം ചോർത്തുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) തമിഴ്നാടിന്റെ ഈ ജലം ചോർത്തൽ തടയുവാൻ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എഫ്) മലമ്പുഴ അണക്കെട്ടിന്റെ മുഖ്യജല സ്രോതസ്സുകൾ ഏവ; ഈ ജല സ്രോതസ്സുകളിൽ നിന്നും എത്ര ജലം തമിഴ്നാട് കടത്തുന്നുവെന്ന് വ്യക്തമാക്കാമോ;

(ജി) പറമ്പിക്കുളത്ത് എവിടെയെല്ലാം തമിഴ്നാട് അനധികൃത ഷട്ടർ കെട്ടി ജലം തടഞ്ഞുകൊണ്ട് പോകുന്നുവെന്നും ഇതുവഴി കേരളത്തിന് ലഭിക്കേണ്ട ജലം എത്ര നഷ്ടമാകുന്നുവെന്നും വ്യക്തമാക്കാമോ;

(എച്ച്) തമിഴ്നാടിന്റെ ജല ചൂഷണത്തിൽ നിന്നും കേരളത്തെ രക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭൂഗർഭ ജലവകുപ്പു ലോകബാങ്ക് സഹായത്തോടെയുള്ള ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ, ജലത്തിന്റെ നിലവാരം അറിയുന്നതിനായി, പാലക്കാട് ജില്ലയിൽ പഠനം നടത്തിയിട്ടുണ്ട്. മേൽ പഠന റിപ്പോർട്ടിൻ പ്രകാരം പാലക്കാട് ജില്ലയിലെ സാധാരണ കിണറുകളിൽ ആലത്തൂർ, കുഴൽമന്ദം, അഗളി, കൊടക്കാട്, എലപ്പുള്ളി, പാലക്കാട്, പുതുശ്ശേരി എന്നീ വില്ലേജുകളിൽ ജലനിരപ്പു വർഷകാലത്തിന് മുമ്പും പിമ്പും താഴ്ന്നതായി കണ്ടെത്തിയിട്ടുണ്ട്. എരിവയ്യൂർ, ഇളവഞ്ചേരി, കൊല്ലംകോട്, നല്ലേപ്പള്ളി, ഒഴലപതി, തത്തമംഗലം, ശ്രീകൃഷ്ണപുരം, നെല്ലായ, പുതുശ്ശേരി എന്നീ ഗ്രാമങ്ങളിലെ കുഴൽ കിണറുകളിൽ ജലനിരപ്പു വർഷകാലത്തിന് മുമ്പും പിമ്പും താഴ്ന്നതായി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ വിവരം താഴെപ്പറയുന്നു.

ഡാമിന്റെ പേര്	സംഭരണശേഷി (ദശലക്ഷം ഘന മീറ്റർ)	ഇപ്പോഴത്തെ ശേഷി (ദശലക്ഷം ഘന മീറ്റർ)
മലമ്പുഴ	226.00	21.6253
പോത്തുണ്ടി	50.914	7.26
മംഗലം	25.34	4.958
മീങ്കര	11.30	2.048
ചുള്ളിയാർ	13.70	1.090
വാളയാർ	18.40	1.703
കാഞ്ഞിരപ്പുഴ	70.8274	46.8493
ശിരുവാണി	25.66	9.64
പറമ്പിക്കുളം	504.3	174.1
തുണക്കടവ്	15.76	10.7
പെരുവാരിപ്പള്ളം	17.55	11.15

(സി) ചുരുക്കം ചില വർഷങ്ങളൊഴിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം നൽകുന്നുണ്ട്.

1975 മുതൽ 2004 ജനുവരി 14 വരെ പാലക്കാട് ജില്ലയിൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും ലഭിക്കേണ്ട ജലത്തിന്റെ അളവ് 224276 മില്യൻ ക്യൂബിക് ഫീറ്റ് ആണ്. ഇതിൽ 215496 മില്യൻ ക്യൂബിക് ഫീറ്റ് ജലം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിലെ ഒന്നാം പുഴയിൽ എത്തിച്ചേരേണ്ട ജലസ്രോതസ്സ് തമിഴ്നാട് താൽക്കാലിക തടസ്സമുണ്ടാക്കി തിരിച്ചുവിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) തമിഴ്നാട് നിർമ്മിച്ചിരിക്കുന്ന താൽക്കാലിക തടസ്സം കേരള അതിർത്തിക്കുള്ളിലാണോ എന്ന് വ്യക്തമായി നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. കേരള അതിർത്തിക്കുള്ളിലാണെങ്കിൽ പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) മലമ്പുഴ അണക്കെട്ടിന്റെ മുഖ്യ സ്രോതസ്സ് ഒന്നാം പുഴയാണ്. ഈ പുഴയിൽ എത്തിച്ചേരേണ്ടിയിരുന്ന ജലസ്രോതസ്സ് തമിഴ്നാട് താൽക്കാലിക തടസ്സമുണ്ടാക്കി തിരിച്ചുവിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പരിശോധന സമയത്ത് മഴ ലഭ്യമല്ലാതിരുന്നതിനാൽ മേൽപ്പറഞ്ഞ സ്ഥലത്ത് കാര്യമായ ജലം ഒഴുകുന്നതായി കണ്ടെത്താൻ കഴിഞ്ഞില്ല. അതിനാൽ തമിഴ്നാട് എത്ര ജലം കടത്തുന്നുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) അനധികൃത ഷട്ടർ കെട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ട് ദൗത്യസേനയും ഒരു ഫീൽഡ് ലെവൽ ടീമും ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

അനധികൃതമായി തമിഴ്നാട്ടിലേക്ക് ജലവിഭവ ശേഖരണം നടത്തുന്നത് നിയന്ത്രിക്കാൻ നടപടി

44 [201] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വനമേഖലയിലെ കേരള അതിർത്തിയിൽ നിന്നുമുള്ള നീരൊഴുക്കുകൾ തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്നുണ്ട് എന്നത് സംബന്ധിച്ച് എന്തൊക്കെ തെളിവുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തടയണകൾ, തടുപ്പണകൾ എന്നിവ നിർമ്മിച്ചും മറ്റുമുള്ള ജലവിഭവ ശേഖരണം നിയന്ത്രിക്കുവാനും തടയുവാനും എന്തൊക്കെ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യക്തമായ തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) തടയണകൾ, തടുപ്പണകൾ എന്നിവ നിർമ്മിച്ച് അന്യ സംസ്ഥാനങ്ങൾ അനധികൃതമായി ജലം കടത്തുന്നത് തടയുന്നതിനായി കേരളം അതീവ ജാഗ്രത പുലർത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തു നിന്നും അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിക്കുന്നതിനായി സ്പ്രെണ്ടിംഗ് എഞ്ചിനീയർ, തൃശ്ശൂർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബെയ്സിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്. പമ്പ-അച്ചൻകോവിൽ നദികളിൽ നിന്ന് അനധികൃതമായി ജലം കടത്തുവാനുള്ള ശ്രമങ്ങളെക്കുറിച്ച് പ്രത്യേകം അന്വേഷിക്കുവാൻ ബന്ധപ്പെട്ട നദീതടങ്ങളുടെ ചുമതലയുള്ള വിജിലൻസ് ഓഫീസർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നദികളിൽ നിന്നും അനധികൃതമായി ജലം ചോർത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാനായി വനം വകുപ്പിലേയും ജലസേചന വകുപ്പിലേയും ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു ദൗത്യസേനയും അതിലുപരി വനം, ജലസേചനം, വൈദ്യുതി ബോർഡ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ മറ്റൊരു ദൗത്യസേനയും ഫീൽഡ് ലെവൽ ടീമും രൂപീകരിച്ചിട്ടുണ്ട്. ഇവർ സ്ഥലം സന്ദർശിച്ച റിപ്പോർട്ടും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly